## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 25, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I. അടിയന്തരപ്രമേയം

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിലെ കാര്യക്ഷമതയില്ലായ്മ

മി. സ്പീക്കർ: കഴിഞ്ഞ ദിവസങ്ങളിലുണ്ടായതുൾപ്പെടെ പ്രകൃതിദുരന്തങ്ങളുടെ മുന്നറിയിപ്പ് സംവിധാനം കാര്യക്ഷമമാക്കുന്നതിലും ആഘാതം ലഘൂകരിക്കുന്നതിലും രക്ഷാപ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): അപ്രതീക്ഷിതമായ മഴ നേരിടുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരന്ത ലഘൂകരണ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും കേന്ദ്ര സേനയെ വിന്യസിക്കുകയും ചെയ്തിരുന്നു. തുടർച്ചയായ മഴ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാവുകയും രക്ഷാപ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്തു. കൂട്ടിക്കലിലും കൊക്കയാറിലും ഉരുൾപൊട്ടിയപ്പോൾത്തന്നെ നാട്ടുകാരുമായി ചേർന്ന് രക്ഷാപ്രവർത്തനം ആരംഭിച്ചു. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് പ്രകാരം ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ച ജില്ലകളിലും മുൻവർഷങ്ങളിൽ അപകടങ്ങളുണ്ടായ ജില്ലകളിലും സമീപ ജില്ലകളിൽ

അപകടമുണ്ടായാൽ എത്താൻ കഴിയുന്ന വിധത്തിലും കേന്ദ്ര സേനയെ വിന്യസിച്ചിരുന്നു. അതിതീവ്ര മഴയിൽ കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ പാലങ്ങളും റോഡുകളും തകർന്നത് സമീപജില്ലകളിൽനിന്നും കേന്ദ്രസേനയ്ക്ക് ദുരന്തഭൂമിയിലെത്തുന്നതിന് തടസ്സമാവുകയും ദുരന്തമുഖത്ത് കുടുങ്ങിക്കിടന്നവരെ ആകാശമാർഗ്ഗം രക്ഷിക്കുന്നതിനുള്ള ശ്രമം മോശം കാലാവസ്ഥകാരണം പരാജയപ്പെടുകയുമുണ്ടായി. അപ്രതീക്ഷിതമായുണ്ടായ പ്രളയദുരന്തത്തിൽ 55 ജീവനുകളാണ് നഷ്ടമായത്. കാലാവസ്ഥ മെച്ചപ്പെട്ടപ്പോൾ കേന്ദ്രസേനയെ ദുരന്തബാധിത പ്രദേശങ്ങളിൽ എത്തിക്കാനും 24 മണിക്കൂറിനുള്ളിൽ അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാനും മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ കണ്ടെത്താനും സാധിച്ചു. ദേശീയ ദുരന്തനിവാരണ പ്ലാൻ പ്രകാരമുള്ള മുന്നറിയിപ്പുകൾ ലഭിച്ചപ്പോൾത്തന്നെ സംസ്ഥാനം ഭരണപരമായ നടപടികൾ സ്വീകരിച്ചു. അണക്കെട്ടുകളുടെ പ്രവർത്തനം നിരീക്ഷിക്കാനും ഓരോ സമയത്തും അണക്കെട്ടിൽ സൂക്ഷിക്കാവുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്താനുമായി രൂപീകരിച്ച റൂൾ കർവ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചൽ എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽനിന്ന് മാറ്റിപ്പാർപ്പിക്കുന്ന പ്രവർത്തനം

യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരികയാണ്. മഴ ശക്തിപ്പെടുന്നതനുസരിച്ച് വ്യോമ/നാവിക/കര സേനകളുടെ സഹായം തേടിയിട്ടുള്ളതും ദേശീയ ദുരന്തനിവാരണ സേന സമയോചിതമായി ഇടപെട്ടിട്ടുള്ളതുമാണ്. ചുവപ്പ് അലെർട്ട് പ്രഖ്യാപിക്കപ്പെടുന്ന ജില്ലകളിൽ ക്യാമ്പുകൾ സജ്ജമാക്കി ആളുകളെ മുൻകൂറായി മാറ്റുന്നതിനും ഓറഞ്ച് അലെർട്ടുള്ള ജില്ലകളിൽ സജ്ജമാക്കിയിരിക്കുന്ന ക്യാമ്പുകളെ സംബന്ധിച്ച വിവരങ്ങൾ അപകടസാധ്യതയുള്ള പ്രദേശങ്ങളിലെ ജനങ്ങളെ അറിയിക്കുന്നതിനുമുള്ള നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി റവന്യൂ/തദ്ദേശസ്വയംഭരണ വകുപ്പുകൾക്കും ജില്ലാ ഭരണകൂടങ്ങൾക്കും നൽകിയിട്ടുണ്ട്. മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് സമയോചിതമായി ഇടപെട്ടിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2018-ലെ പ്രളയത്തിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് പ്രകൃതി ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും നടപടി സ്വീകരിക്കുമെന്ന ഉറപ്പ് പാലിക്കാനോ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. സെൻട്രൽ വാട്ടർ

കമ്മീഷന്റെ മോണിറ്ററിംഗ് സ്റ്റേഷനുകളിൽനിന്ന് യഥാസമയം മുന്നറിയിപ്പുകൾ ലഭിക്കുകയോ കാലാവസ്ഥാ വിവരശേഖരണ ചുമതലയുള്ള സ്വകാര്യ ഏജൻസികൾ കാര്യക്ഷമമായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം കുറ്റമറ്റ രീതിയിൽ ഏർപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനോ നാഷണൽ സൈക്ലോൺ റിസ്ക് മാനേജ്മെന്റ് പ്രോജക്ടിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനോ സൈക്ലോൺ ഷെൽട്ടർ നിർമ്മിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. ദുരന്ത നിവാരണ പരിശീലനവുമായി ബന്ധപ്പെട്ട് 'കില' സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം. പ്രളയത്തിന്റെ സാധ്യതയും ദുരന്തത്തിന്റെ തോതും ജനങ്ങൾക്ക് മനസ്സിലാക്കുന്നതിനുള്ള സ്പേഷ്യൽ എക്സ്റ്റന്റ് ഏരിയ മാപ്പ് നൽകാത്തതിന്റെ കാരണം വിശദീകരിക്കണം. ശാസ്ത്രീയ പഠനങ്ങൾ ക്രോഡീകരിച്ച് ഗവേണൻസ് സപ്പോർട്ട് നൽകാനായി രൂപീകരിച്ച കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ അവസ്ഥ ദയനീയമാണ്. നാസയുടെയും കൊച്ചിൻ സർവ്വകലാശാലയുടെയും മുന്നറിയിപ്പുണ്ടായിരുന്നിട്ടും ദുരന്തം സംഭവിച്ചതിനുശേഷം റെഡ് അലെർട്ട് പ്രഖ്യാപിച്ചതും കോട്ടയം,

ഇടുക്കി ജില്ലകളിലെ അതിർത്തി പ്രദേശങ്ങളിൽ അപകടം നടന്ന് മണിക്കൂറുകൾക്കുശേഷം സർക്കാർ സംവിധാനങ്ങൾ പ്രവർത്തിക്കാനാരംഭിച്ചതും അപലപനീയമാണ്. സമയബന്ധിതമായി മുന്നറിയിപ്പ് നൽകി മനുഷ്യജീവനുകൾ രക്ഷിക്കാൻ കഴിയുമായിരുന്ന സാഹചര്യത്തെ വികലമായി കൈകാര്യം ചെയ്ത സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അതോറിറ്റി കമ്മീഷണറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. കേരളത്തിൽ അനുവദിച്ചിട്ടുള്ള 17 സൈക്ലോൺ ഷെൽട്ടറുകളിൽ പത്തെണ്ണത്തിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് തരുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് അലെർട്ട് പ്രഖ്യാപിക്കുന്നത്. വിവിധ തലങ്ങളിലുള്ള ആഗോള കാലാവസ്ഥാ മോഡലുകളുടെ പ്രവചനത്തിൽനിന്നുവന്ന അറിയിപ്പുകൾക്ക് വിരുദ്ധമായിട്ടുള്ള സംഭവമാണ് ഇവിടെ ഉണ്ടായത്. ദേശീയ ദുരന്ത നിവാരണ പ്ലാൻ അനുസരിച്ച് നോഡൽ ഏജൻസി എന്ന നിലയിൽ കാലാവസ്ഥാ വകുപ്പിനെ മാത്രമേ ആശ്രയിക്കാൻ

സാധിക്കുകയുള്ളൂ. കേന്ദ്ര ഭൗമശാസ്ത്ര പഠനകേന്ദ്രമാണ് ഉരുൾപൊട്ടൽ സാധ്യതയുടെ ഭൂപടം തയ്യാറാക്കേണ്ടത്. ദുരന്തമുണ്ടായ രണ്ട് സ്ഥലങ്ങളും ഉരുൾപൊട്ടൽ സാധ്യതാ ഭൂപടത്തിൽ മോഡറേറ്റ് പ്രദേശമായിട്ടാണ് കാണുന്നത്. ഉരുൾപൊട്ടൽ സാധ്യതാ ഭൂപടം തയ്യാറാക്കാനുള്ള ചുമതല ദേശീയ ദുരന്തനിവാരണ അതോറിറ്റി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ അതിനെ ആശ്രയിക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. അകാലത്തിൽ പൊലിഞ്ഞുപോയ ജീവനുകളെയും നഷ്ടങ്ങളെയും തിരിച്ചുപിടിക്കാൻ കഴിയില്ലെങ്കിലും ഉറ്റവരെ നഷ്ടപ്പെട്ടവർക്ക് ആശ്വാസം നൽകുന്ന പ്രവർത്തനങ്ങളിൽ ഇടപെടാനും നികത്താനാകാത്ത നഷ്ടങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ സജ്ജമാക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, എൻ. എ. നെല്ലിക്കുന്ന്, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി

അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) മഴക്കെടുതി

ശ്രീ. എം. എം. മണി: മണിമലയാറിന്റെ തീരത്ത് മഴക്കെടുതിയിൽ വീടുകൾ തകർന്നവർക്ക് പകരം ഭൂമി കണ്ടെത്തി സമയബന്ധിതമായി പുനരധിവസിപ്പിക്കുന്നതിനും കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുന്ന ധനസഹായത്തിൽ വർദ്ധനവ് ആവശ്യപ്പെടുന്നതിനും മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിഷയത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് ദുരന്തത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ തിട്ടപ്പെടുത്തി ലഭ്യമാക്കുന്ന മുറയ്ക്ക് സമയബന്ധിതമായി ധനസഹായം അനുവദിക്കുന്നതാണ്. മരണമടഞ്ഞവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കം തടയുന്നതിനായി 'റൂം ഫോർ റിവർ' പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുകയും അടുത്തഘട്ടം നടപ്പാക്കുന്നതിനുള്ള ഡി.പി.ആർ.

തയ്യാറാക്കിവരികയുമാണ്. 'റൂം ഫോർ വേമ്പനാട്' പദ്ധതിയും തദ്ദേശഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതികളും നടപ്പിലാക്കിവരുന്നു. സാമൂഹ്യാധിഷ്ഠിത ദുരന്തലഘൂകരണത്തിനായി 38000 സന്നദ്ധപ്രവർത്തകർക്ക് വിവിധ തലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് മഴക്കെടുതി തുടർച്ചയായുണ്ടാകുന്ന സാഹചര്യത്തിൽ ഇനിയുള്ള തുടർനിർമ്മാണങ്ങൾ മുൻവർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്നവയുടെ പുനർനിർമ്മാണത്തിന്റെ മാതൃകയിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. മുല്ലപ്പെരിയാർ വിഷയത്തിൽ തമിഴ്നാടുമായി ചർച്ച നടത്തുന്നതും ഇക്കാര്യത്തിൽ അനാവശ്യ ഭീതി പരത്തുന്നവരെ നിയമപരമായി നേരിടുന്നതുമാണ്.

(2) കരിമണൽ ഖനനം

ശ്രീമതി കെ. കെ. രമ: ആലപ്പുഴ ജില്ലയിലെ പരിസ്ഥിതി ലോലപ്രദേശമായ തോട്ടപ്പള്ളി പൊഴിയിലും ഹാർബറിലും വലിയഴീക്കലിലും അനധികൃതമായി നടക്കുന്ന കരിമണൽഖനനം അവസാനിപ്പിക്കുന്നതിനും ദുരന്തനിവാരണത്തിന്റെ പേരിൽ ഡ്രെഡ്ജിംഗും മണൽ കടത്തും നടത്താൻ ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. കമ്പനികളെ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും ധാരണാപത്രവും പിൻവലിക്കുന്നതിനും യന്ത്രങ്ങൾ

ഉപയോഗിച്ച് അഴിമുഖത്ത് സീവാഷിംഗ് നടത്തുന്നത് തടയുന്നതിനും തീരസംരക്ഷണം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കുട്ടനാടിനെ വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കാൻ തോട്ടപ്പള്ളി സ്പിൽവേയിലെ തടസ്സം നീക്കം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഫിഷിംഗ് ഹാർബറിൽ മണ്ണടിയുന്നതുമൂലം വള്ളങ്ങൾ അടുക്കുന്നതിനും നങ്കൂരമിടുന്നതിനും സൗകര്യമില്ലാതാകുകയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് വിഘാതമായിത്തീരുകയും ചെയ്യുന്നുണ്ട്. തോട്ടപ്പള്ളി സ്പീൽവേയുടെ വീതിയും ആഴവും കൂട്ടുന്നതിനും അതുവഴി ലഭ്യമാകുന്ന ധാതുമണൽ കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. എന്നീ സ്ഥാപനങ്ങളിലേയ്ക്കെത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പീൽവേയുടെ പുനർക്രമീകരണ പ്രവർത്തനങ്ങൾക്ക് മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമില്ല.

## III. സബ്മിഷൻ

### (1) ഹരിത കർമ്മസേന

ശ്രീ. പി. പി. സുമോദ്: ഹരിത കർമ്മസേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വേതനം നൽകുന്നതിനും ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനും

നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഹരിത കർമ്മസേനാംഗങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്കായി വിശദമായ പദ്ധതി സർക്കാർ അംഗീകരിക്കുകയും ജീവൻ ദീപം ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ ഹരിത കർമ്മസേനാംഗങ്ങളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെടുന്ന ഹരിത കർമ്മസേനാംഗങ്ങളുടെ ആശ്രിതർക്ക് 5 ലക്ഷം രൂപവരെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിലും ഹരിത കർമ്മസേനാംഗങ്ങൾക്ക് അംഗങ്ങളാകാവുന്നതാണ്. മാലിന്യ ശേഖരണ സംഭരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങൾക്ക് പ്രതിദിനം 750/-രൂപ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്.

(2) പൊൻമുടി തോട്ടം തൊഴിലാളികളുടെ സംരക്ഷണം

ശ്രീ. ഡി. കെ. മുരളി: ഇ.എഫ്.എൽ. പരിധിയിലുൾപ്പെട്ട പൊന്മുടി മേഖലയിലെ ലയങ്ങളിൽ വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന

സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും തോട്ടം അഭിവൃദ്ധിപ്പെടുത്തുന്നതിനുമുള്ള പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പരിസ്ഥിതി ലോലപ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ട മേഖലയിൽ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വനം വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സങ്ങളൊന്നുമില്ല. പൊൻമുടി മേഖലയിലെ ലയങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. തോട്ടം പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

(3) വനഭൂമി നൽകുന്നത് സംബന്ധിച്ച്

ശ്രീമതി ശാന്തകുമാരി കെ.: അട്ടപ്പാടിയിലേയ്ക്ക് ബദൽ റോഡ് നിർമ്മിക്കുന്നതിനായി വനഭൂമി വിട്ടുനൽകുന്നതിന് സമഗ്ര സർവ്വേ നടത്തണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): അട്ടപ്പാടി ചുരം റോഡിന് സമാന്തരമായി ബദൽ റോഡ് നിർമ്മിക്കുന്നതിന് വനഭൂമി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിട്ടുണ്ട്. കോങ്ങാട് എം.എൽ.എ.യെ ഉൾപ്പെടുത്തി സ്ഥല

പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം സാധ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

(4) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

ശ്രീ. എച്ച്. സലാം.: തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നവീകരിച്ച് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ നിലവിലുള്ള സ്ട്രക്ചറിൽ മാറ്റം വരുത്തുന്നതിനായി സി.ഡബ്ല്യു.പി.ആർ.എസ്. പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. ഹാർബർ ബേസിനിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹാർബറിന്റെ വികസനം സംബന്ധിച്ച് ചർച്ച നടത്തുകയും പുതിയതായി പുലിമുട്ട് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തോട്ടപ്പള്ളി ഹാർബറിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(5) <u>പാൽച്ചുരം-ബോയ്സ് ടൗൺ റോഡ്</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: പേരാവൂർ-കൊട്ടിയൂർ-മാനന്തവാടി റോഡിലെ പാൽച്ചുരം-ബോയ്സ് ടൗൺ റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): കണ്ണൂർ വിമാനത്താവള പാക്കേജിൽ ഉൾപ്പെടുത്തിയ പാൽച്ചുരം-ബോയ്സ് ടൗൺ റോഡിന്റെ അലൈൻമെന്റ്, ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്, എഞ്ചിനീയറിംഗ് ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ കൺസൾട്ടൻസിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(6) <u>ചെടിയാലക്കടവ് പാലം</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: നാദാപുരം നിയോജകമണ്ഡലത്തിലെ ചെടിയാലക്കടവ് പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): 2016-ൽ ടെണ്ടർ ചെയ്ത ചെടിയാലക്കടവ് പാലത്തിന്റെ ഉമ്മത്തൂർ ഭാഗത്ത് പൈലിംഗ് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ

ഫൗണ്ടേഷനിൽ മാറ്റം വരുത്തുകയും അതനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കരാർ ടെർമിനേറ്റ് ചെയ്യാൻ സാധിക്കുമോ എന്ന കാര്യത്തിൽ സർക്കാർ നിയമോപദേശം തേടിയിരിക്കുകയാണ്; നിയമോപദേശം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(7) ഹരിപ്പാട് ആയുർവേദ മെഡിക്കൽ കോളേജ്

ശ്രീ. രമേശ് ചെന്നിത്തല: ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആയുർവേദ മെഡിക്കൽ കോളേജോ ആയുർവേദ ആശുപത്രിയോ ആരംഭിക്കുന്നതിനും ഏറ്റെടുത്ത ഭൂമി ഫലപ്രദമായി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2011-16 കാലയളവിൽ ഹരിപ്പാട് ആയുർവേദ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും കേരള മെഡിക്കൽ ഇൻഫ്രാമെറ്റ് ഡെവലപ്മെന്റ് കമ്പനി രൂപീകരിച്ച് സ്ഥലം ഏറ്റെടുക്കുകയും ചെയ്തെങ്കിലും പ്രസ്തുത കമ്പനിയുടെ ഷെയർ ക്യാപ്പിറ്റൽ 80 കോടി രൂപയായി വർദ്ധിപ്പിച്ചതിനാൽ കമ്പനിയുടെ പ്രവർത്തനം

അവസാനിപ്പിക്കുകയുണ്ടായി. ഏറ്റെടുത്ത സ്ഥലം സംരക്ഷിക്കാൻ ഫെൻസിംഗ് നടത്തുന്നതിനുള്ള ചെലവ്, മറ്റ് വികസന പ്രവർത്തനങ്ങളുടെ സാധ്യത എന്നിവ സംബന്ധിച്ച റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

## (8) അങ്കണവാടികളിലെ ഒഴിവുകൾ നികത്തൽ

ശ്രീ. കെ. ജെ. മാക്സി: മട്ടാഞ്ചേരി-കൊച്ചി അർബൻ പ്രോജക്ടിന് കീഴിലുള്ള അങ്കണവാടികളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): അങ്കണവാടി ഹെൽപ്പർ-വർക്കർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരണ നടപടികൾ കോടതി വിധിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. മട്ടാഞ്ചേരി-കൊച്ചി അർബൻ പ്രോജക്ടിന് കീഴിലുള്ള 25 വർക്കർമാരുടെ ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തുകയും കോവിഡ്-19 രോഗവ്യാപന പശ്ചാത്തലത്തിൽ അങ്കണവാടികൾ അടച്ചിട്ട സാഹചര്യത്തിൽ ഹെൽപ്പർമാരുടെ 87

ഒഴിവുകളിൽ നിയമനം നടത്തേണ്ടതില്ലെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വർക്കർ-ഹെൽപ്പർ നിയമനവുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ നിലനിൽക്കുന്നതിനാലും സെലക്ഷൻ ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾക്കെല്ലാം കോടതി സ്റ്റേ നൽകിയതിനാലും സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്താൻ സാധിച്ചിട്ടില്ല. സർക്കാർ നൽകിയിരിക്കുന്ന അപ്പീലിന്മേൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ സ്ഥിരനിയമനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

## (9) ഹോമിയോ ഡിസ്പെൻസറികൾ

ശ്രീ. പി. അബ്ദുൽ ഹമീദ്: മുന്നിയൂർ, പെരുവള്ളൂർ, തേഞ്ഞിപ്പലം പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ കേന്ദ്ര പദ്ധതികളുടെ ഭാഗമായ ഹോമിയോ ഡിസ്പെൻസറികളോ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയും കണക്കിലെടുത്ത് പരിഗണിക്കുന്നതാണ്.

## (10) നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത

ശ്രീ. ടി. സിദ്ദിഖ്: നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ഡി.എം.ആർ.സി. ലഭ്യമാക്കിയ റിപ്പോർട്ടുപ്രകാരം ബന്ദിപ്പൂർ ദേശീയ ഉദ്യാനത്തിലൂടെയും കടുവാ സംരക്ഷണ കേന്ദ്രത്തിലൂടെയും റിസർവ് വനത്തിലൂടെയും കടന്നുപോകുന്ന നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാതയ്ക്ക് 5,538 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കർണ്ണാടക ഗവൺമെന്റുമായി നടത്തിയ ചർച്ചയിൽ ദേശീയ ഉദ്യാനവും കടുവാ സംരക്ഷണ കേന്ദ്രവും ഒഴിവാക്കി പുതുക്കിയ രൂപരേഖ തയ്യാറാക്കാൻ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ പ്ലാൻ പ്രകാരം നിലമ്പൂർ-നഞ്ചൻഗോഡ്, തലശ്ശേരി-മൈസൂരു പാതകൾ കൽപ്പറ്റയിൽ യോജിക്കുകയും ഒറ്റലൈനായി ഭൂഗർഭ തുരങ്കംവഴി കർണ്ണാടകയിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യും. സർവ്വേ നടപടികൾക്കും അനുബന്ധ പ്രവൃത്തികൾക്കും അനുമതി ലഭ്യമാവുകയും മറ്റ് അനുമതികൾക്കായി കേന്ദ്ര-കർണ്ണാടക ഗവൺമെന്റുകൾക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## IV. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിച്ചു. (2) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ടും 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ടും സമർപ്പിച്ചു.

## V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI. ക്രമപ്രശ്നം

(1) കാര്യോപദേശക സമിതി റിപ്പോർട്ട് മുൻകൂറായി സർക്കുലേറ്റ് ചെയ്തത് സംബന്ധിച്ച്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് സർക്കുലേറ്റ് ചെയ്തത് പരിശോധിക്കണം.

(2) ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം

ശ്രീ. യു. എ. ലത്തീഫ്: സംസ്ഥാനത്തെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ

175(1) അനുശാസിക്കുന്ന പ്രകാരം ഓരോ വർഷവും വികസന പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനായി നിർമ്മിക്കേണ്ട ചട്ടങ്ങൾ, നിയമം നിലവിൽ വന്ന് 25 വർഷം കഴിഞ്ഞിട്ടും പുറപ്പെടുവിക്കാത്തതിനാൽ ഓരോ കാര്യങ്ങൾക്കും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി തേടേണ്ടതായിവരുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയ സുഗമമാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും പദ്ധതി രൂപീകരണം സംബന്ധിച്ച സ്ഥിരം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175(1) പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതും കരട് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്.

## 12.10.2021-ലെ ശ്രീ. ടി. സിദ്ദിഖിന്റെ ക്രമപ്രശ്നത്തിനുള്ള മറുപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിവരാവകാശ നിയമം ബാധകമായ വകുപ്പുകൾ/സ്ഥാപനങ്ങളിൽനിന്ന് റിപ്പോർട്ട് തയ്യാറാക്കാനാവശ്യമായ വിവരം യഥാസമയം കമ്മീഷന് ലഭ്യമാക്കിയിട്ടില്ല.

കോവിഡ് വ്യാപനംമൂലം വിവിധ സർക്കാർ കാര്യാലയങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതിരുന്നത് കാലതാമസത്തിന് ഇടയാക്കിയിട്ടുണ്ട്. 2017-18-ലെ വാർഷിക റിപ്പോർട്ട് 18-10-2021-ന് നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിട്ടുള്ളതും 2018-19 വാർഷിക റിപ്പോർട്ടിന്റെ അച്ചടി ജോലികൾ പുരോഗമിച്ചുവരികയുമാണ്. ഭാവിയിൽ ഓരോ വർഷത്തെയും വാർഷിക റിപ്പോർട്ട് തൊട്ടടുത്ത വർഷംതന്നെ സമർപ്പിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: 2005-ലെ വിവരാവകാശ നിയമപ്രകാരം പൊതു അധികാരികളിൽനിന്നും വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് കുടിശ്ശികയായ റിപ്പോർട്ടുകൾ കഴിയുന്നതുംവേഗം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ പ്രത്യേകിച്ചും സമാന റിപ്പോർട്ടുകളുടെ കാര്യത്തിൽ പൊതുവെയും അവ യഥാസമയം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി നിരീക്ഷണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175(1) പ്രകാരം ഓരോ തലത്തിലുമുള്ള പഞ്ചായത്തുകൾ ഓരോ വർഷവും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട തൊട്ടടുത്ത വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ടുകൾ എപ്രകാരമായിരിക്കണമെന്നത് നിഷ്കർഷിക്കേണ്ടതും വിഭാവനം ചെയ്തിട്ടുള്ള ചട്ടങ്ങൾക്ക് നാളിതുവരെ അന്തിമരൂപം നൽകിയിട്ടില്ല എന്ന വസ്തുത സഗൗരവം വീക്ഷിക്കേണ്ടതുമാണ്. 2016 നവംബർ 9-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ട ഇതേ വിഷയത്തിന്മേലുള്ള ക്രമപ്രശ്നത്തിന്റെ മറുപടിയിൽ സർക്കാർ നൽകിയ ഉറപ്പ് പാലിക്കുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചില്ല എന്നത് നീതികരിക്കാനാവുന്നതല്ല. ഇക്കാര്യത്തിൽവന്ന കാലതാമസം പ്രത്യേകമായി പരിശോധിച്ച് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും ഇവിടെ പരാമർശിച്ച ചട്ടങ്ങൾക്ക് ഒരു മാസത്തിനകം രൂപം നൽകി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. സഭ മുമ്പ് പാസ്സാക്കിയതും ഇപ്പോൾ പാസ്സാക്കിക്കൊണ്ടിരിക്കുന്നതുമായ നിയമങ്ങൾ പ്രകാരം സർക്കാർ നിർമ്മിക്കപ്പെടേണ്ട ചട്ടങ്ങൾ, നിയമസഭാ നടപടി ചട്ടം 238 (2)-ൽ

പരാമർശിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽത്തന്നെ തയ്യാറാക്കി അതത് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. ചട്ടങ്ങളുടെ സമയബന്ധിതമായ രൂപീകരണം, കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന തുടങ്ങിയ കാര്യങ്ങളിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2019 ജൂൺ 12-ാം തീയതി ചെയറിൽ നിന്നുണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ സബ്ജക്ട് കമ്മിറ്റികളും കർശനമായി പാലിക്കേണ്ടതാണ്.

**റൂളിംഗ്**

കാര്യോപദേശക സമിതി റിപ്പോർട്ട് സഭ പരിഗണിക്കേണ്ടതിനാൽ മുൻകൂറായി അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതാണ് കീഴ്വഴക്കം. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VII. ധനകാര്യം

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.

## VIII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(i) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ബില്ലുകളുടെ അവതരണവേളയിൽ സഭയിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ സബ്ജക്ട് കമ്മിറ്റി ക്രിയാത്മകമായി വിലയിരുത്തുകയും

സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്തതിനുശേഷം ആവശ്യമായ ഭേദഗതികളോടെയാണ് തയ്യാറാക്കിയിട്ടുള്ളത്. അംശദായ വർദ്ധനവിന് ഇപ്പോൾ നിയമഭേദഗതി ആവശ്യമാണെങ്കിലും ഭാവിയിൽ തൊഴിലാളികളുടെ അംശദായത്തിലോ സർക്കാർ വിഹിതത്തിലോ വരുത്തുന്ന കാലികമായ വർദ്ധനവ് നോട്ടിഫിക്കേഷൻ വഴി നടത്താവുന്നതാണെന്ന് ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലിൽ നേരത്തെ ലൈസൻസിന് അനുമതി നൽകുന്നത് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സമിതിയായിരുന്നു. എന്നാൽ അത്തരത്തിലുള്ള പല അനുമതികളും ലൈസൻസായി മറ്റ് പല വകുപ്പുകളും പരിഗണിക്കപ്പെടുന്നില്ലെന്നും പ്രായോഗികമായ തടസ്സങ്ങളുണ്ടാക്കുന്നു എന്നുമുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നൂറ് കോടി രൂപയ്ക്ക് മുകളിൽവരുന്ന നിക്ഷേപങ്ങൾക്ക് വിവിധ വകുപ്പുകൾ നൽകേണ്ട ലൈസൻസുകളെല്ലാം ചേരുന്ന ഒരു കോമ്പോസിറ്റ് ലൈസൻസ് നൽകാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ആഴ്ചയിലൊരിക്കൽ യോഗം ചേരണമെന്ന ബില്ലിലെ വ്യവസ്ഥയിൽ മാറ്റം വരുത്തുമ്പോൾ ബിൽ നിഷ്കർഷിക്കുന്ന രൂപത്തിൽ ലൈസൻസിനുള്ള അനുമതിക്ക് പരമാവധി ഏഴ്

ദിവസമെന്നുള്ളത് ഉറപ്പുവരുത്തേണ്ടതുള്ളതിനാൽ ഒരപേക്ഷ ലഭിച്ചാൽ ആ വ്യവസ്ഥയ്ക്കുള്ളിൽ ചുമതല നിർവ്വഹിക്കാൻ കഴിയാവുന്ന സമയം ചെയർമാന് നിശ്ചയിക്കാവുന്നതാണെന്ന് ബില്ലിൽ മാറ്റം വരുത്തിയിട്ടുണ്ട്.

മലബാർ മേഖലയിലെ ധാതുക്കൾ സംരക്ഷിക്കുന്നതിന് നിയമമില്ലാത്തിനാൽ പുതുതായി ഒരു നിയമം കൊണ്ടുവരണമെന്ന സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിനും സമൂഹത്തിനും പൊതുസ്വത്തിനകത്തുള്ള പൂർണ്ണമായ അവകാശം ഉറപ്പുവരുത്താവുന്ന രൂപത്തിലാണ് 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലി : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പരിസ്ഥിതി സൗഹൃദ നിക്ഷേപ സംസ്ഥാനമാക്കി തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണണമെന്നതാണ് വ്യവസായ നയത്തിന്റെ ലക്ഷ്യമെങ്കിലും നിക്ഷേപ സൗഹൃദ അന്തരീക്ഷമില്ലാത്ത സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. തൊഴിലാളി യൂണിയനുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് വ്യവസായ പിന്നോക്കാവസ്ഥയ്ക്ക് കാരണം. 21 വൻകിട വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പൂട്ടിക്കിടക്കുകയാണ്. സംരംഭകർക്ക്

ആവശ്യമായ സൗകര്യങ്ങൾ നൽകാനോ വ്യവസായ അനുകൂല സാഹചര്യം സൃഷ്ടിക്കാനോ ഇതുവരെ കഴിഞ്ഞിട്ടില്ല. വ്യവസായ പാർക്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമി ഏറ്റെടുത്ത് യഥാർത്ഥ നിക്ഷേപകർക്ക് നൽകാൻ തയ്യാറാകണം. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം ചെറുകിട സംരംഭകരെ ബുദ്ധിമുട്ടിലാക്കുകയാണ്. ചെറുകിട വ്യവസായ മേഖലയിലെ വായ്പകൾക്ക് പലിശയിളവും മൊറട്ടോറിയവും അനുവദിക്കുകയും വൈദ്യുതി ഫിക്സഡ് ചാർജ്ജ് ഒഴിവാക്കി തവണകളായി അടയ്ക്കാൻ സൗകര്യമൊരുക്കുകയും വേണം. ചെറുകിട സംരംഭകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുകയും ഈ മേഖലയെ ദോഷകരമായി ബാധിക്കുന്ന ഉത്തരവുകൾ പുനഃപരിശോധിക്കുകയും വേണം. ഖാദി ബോർഡിന് റിബേറ്റിനത്തിൽ ലഭിക്കാനുള്ള 50 കോടി രൂപ അടിയന്തിരമായി അനുവദിക്കണം. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയും തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുകയും വേണം. സംസ്ഥാനത്തിനാകെ ബാധകമാകുന്ന രീതിയിൽ ധാതുക്കളുടെ അവകാശം നിക്ഷിപ്തമാക്കുന്നതിന് ഏകീകൃത നിയമം നടപ്പിലാക്കണം. 'ധാതുക്കൾ' എന്നതിന് കൃത്യമായ നിർവ്വചനം നൽകുകയും ഏതെല്ലാം ധാതുക്കളെ

ഏറ്റെടുക്കൽ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുകയും വേണം. ധാതുക്കൾ ഏറ്റെടുക്കുന്നതുമൂലം സ്വകാര്യ വ്യക്തികളുടെ കൈവശ ഭൂമിയിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കയർ തൊഴിലാളി ക്ഷേമനിധിയിൽ ഗവൺമെന്റ് വിഹിതം പരിഷ്കരിക്കാതെ തൊഴിലാളി വിഹിതം വർദ്ധിപ്പിച്ച നടപടി തൊഴിലാളി വിരുദ്ധമാണ്. അംശദായ വർദ്ധന അടക്കമുള്ളവ നോട്ടിഫിക്കേഷൻ/ഇതര അനുവദനീയ മാർഗ്ഗങ്ങൾ മുഖേന നടപ്പിലാക്കാനുള്ള നിയമഭേദഗതി ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തണം. തൊഴിലാളികളുടെ ആനുകൂല്യം വർദ്ധിപ്പിക്കാനല്ലാതെ ക്ഷേമനിധികളിലെ അംശദായത്തുക വർദ്ധിപ്പിക്കാൻ പാടില്ലെന്നും ക്ഷേമനിധി വരുമാനത്തിന്റെ പത്ത് ശതമാനത്തിൽ കൂടുതൽ ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കാൻ പാടില്ലെന്നുമുള്ള നിബന്ധന നിയമത്തിൽ ഉൾപ്പെടുത്തണം. കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്നും തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് അനുവദിക്കണം. കേരളത്തിൽ കാലാവസ്ഥാ സുരക്ഷിതത്വം ഇല്ലാതാവുകയും പാരിസ്ഥിതിക പ്രതിസന്ധി

ശ്രുക്ഷവുമായിരിക്കുന്ന സാഹചര്യത്തിൽ ധാതു വിനിയോഗത്തിനുള്ള സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നതിനുപകരം ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ മാത്രമാക്കി ചുരുക്കുന്നത് അപലപനീയമാണ്.

ശ്രീ. പ്രമോദ് നാരായൺ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് ഈ മേഖലയിൽ സമഗ്രമായി യന്ത്രവൽക്കരണം നടപ്പിലാക്കണം. ആധുനിക സാങ്കേതികവിദ്യയിലൂടെ വൈവിധ്യമാർന്ന ഉല്പന്നങ്ങളുണ്ടാക്കി മെച്ചപ്പെട്ട വിപണിയുണ്ടാക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കയർ രംഗവുമായി ബന്ധപ്പെട്ട് ആധികാരിക പഠനഗവേഷണം നടത്താനും കയർ രംഗത്ത് കാലാനുസൃതമായ വൈവിധ്യവൽക്കരണം നടപ്പാക്കാനും സാധിക്കണം. ജിയോ ടെക്സ്റ്റൈൽസിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താനും കുടുംബശ്രീയും കയർമേഖലയുമായുള്ള ബന്ധം മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിക്കാനും സഹകരണസംഘങ്ങളെ ആധുനിക യന്ത്രവത്കൃത

ഫാക്ടറികളായി മാറ്റാനും നടപടിയുണ്ടാകണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികളുടെ അംശദായം 5 രൂപയിൽ നിന്നും 20 രൂപയായി വർദ്ധിപ്പിക്കാനുള്ള ഭേദഗതിയോടൊപ്പം കയർ തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കുന്ന നിലപാടുകളിൽ നിന്ന് സർക്കാർ പിന്മാറുകയുമാണ്. വൈവിധ്യവത്കരണത്തിന് സാധ്യതകളുള്ള ഈ മേഖലയിൽ പുതിയ തൊഴിലാളികളെ ആകർഷിക്കുന്നതിനുതകുന്ന പദ്ധതികളാവിഷ്കരിക്കണം. തൊണ്ട് ആവശ്യാനുസരണം ലഭ്യമാക്കാൻ നാളികേര കൃഷി ശക്തിപ്പെടുത്തുകയും ചകിരി ക്ഷാമം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. വ്യവസായ മേഖലയെ കൂടുതൽ ആകർഷകമാക്കുകയും കയർ കോർപ്പറേഷൻ നൽകുന്ന അശാസ്ത്രീയ ഡിസ്കൗണ്ട് നിരക്കുകളെ സംബന്ധിച്ച് പരിശോധിക്കുകയും തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കയർ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ഭൂസ്വത്തുള്ള കയർ സംഘങ്ങളെ പുനരുദ്ധരിക്കുന്നതോടൊപ്പം കയർ

വ്യവസായത്തെ ആധുനികവൽക്കരിക്കുകയും ചെയ്യണം.

ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. പി. നന്ദകുമാർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യവസായങ്ങളുടെ സുഗമമായ നടത്തിപ്പിന് ഒരു ഏകീകൃത ലാൻഡ് പോളിസി നടപ്പിലാക്കുകയും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥാപനം നടത്തുന്നവർക്ക് നിയമാനുസൃതം ഉടമസ്ഥാവകാശം ലഭിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും വേണം. ബാങ്കുകൾ വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന സമീപനത്തിൽ മാറ്റം വരുത്തണം. ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനമുണ്ടാക്കാൻ സഹായകരമായ നിലപാട് സർക്കാർ സ്വീകരിക്കണം. വ്യവസായ സംരംഭകർ അപേക്ഷ സമർപ്പിച്ച് ഒരാഴ്ചയ്ക്കകം ലൈസൻസ്, പെർമിറ്റ് എന്നിവ നൽകുന്നതിനുള്ള വ്യവസ്ഥ സ്വാഗതാർഹമാണ്. എം.എസ്.എം.ഇ. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഗവൺമെന്റ് ഡിസ്ട്രിബ്യൂഷൻ ചാനൽ ഏർപ്പെടുത്തണം. ഗാർഹികാവശ്യത്തിനും ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കും പുതിയ സംരംഭകർക്കും ഗ്യാസ് കണക്ഷൻ

ലഭിക്കുന്നതിന് വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും വ്യവസായ സംരംഭകരെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ശശി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യവസായ മേഖലയെ മുന്നോട്ടുനയിക്കാൻ പ്രാപ്തമായ നടപടികളും പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുകയാണ് ഈ നിയമനിർമ്മാണംകൊണ്ടുദ്ദേശിക്കുന്നത്. പൊതുവിദ്യാഭ്യാസ സമ്പ്രദായത്തെയും യൂണിവേഴ്സിറ്റി വിദ്യഭ്യാസ സമ്പ്രദായത്തെയും ഏകീകരിച്ച് നിലവിലുള്ള പശ്ചാത്തല സൗകര്യം കൂടുതൽ ഫലപ്രദമാക്കണം. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കയറിന്റെ സിംഹഭാഗവും കയർ ഭൂവസ്ത്രമാക്കി ഇവിടെത്തന്നെ വിപണനം ചെയ്യുന്ന നടപടിയെ സ്വാഗതം ചെയ്യുന്നതോടൊപ്പം കയർ ഭൂവസ്ത്രങ്ങളുടെ കയറ്റുമതി സാധ്യത പരിശോധിക്കേണ്ടതുമാണ്. മൂല്യവർദ്ധിത കൈത്തറി ഉല്പന്നങ്ങൾ നിർമ്മിച്ച് കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി

തയ്യാറാക്കണം. ഈറ്റ, ചൂരൽ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ക്ലസ്റ്ററുകൾ കണ്ടെത്തി കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ അവർക്കാവശ്യമായ നിർമ്മാണ വസ്തുക്കൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് ഇൻഡസ്ട്രിയൽ/മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, പ്ലോട്ടുകൾ എന്നിവ അനുവദിക്കുന്നതിനും ഹയർ പർച്ചേസ് വ്യവസ്ഥയിലോ വാടകയ്ക്കോ ഏറ്റെടുക്കുന്ന കെട്ടിടങ്ങൾക്ക് തവണ വ്യവസ്ഥയിലോ ഒറ്റത്തവണയായോ തുക ഈടാക്കി പട്ടയം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജനവാസ മേഖലകളിലും വനമേഖലകളിലും കുറഞ്ഞ ദൂരപരിധിയിൽ ക്വാറികൾ പ്രവർത്തിക്കാൻ അനുമതി നൽകിയ നടപടി നിർഭാഗ്യകരമാണ്. അതീവ പരിസ്ഥിതി ദുർബ്ബല പ്രദേശത്തും നീർത്തടത്തോട് ചേർന്ന മേഖലകളിലും അനധികൃതമായി പ്രവർത്തിക്കുന്ന

ക്വാറികൾക്കും ക്രഷറുകൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കണം. അനധികൃത ക്വാറികളെ ഒഴിവാക്കിയും നിയമാനുസൃതമായ ക്വാറികൾ പ്രവർത്തിപ്പിച്ചും വയനാട് ജില്ലയ്ക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുന്ന സാഹചര്യമുണ്ടാകണം.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. നജീബ് കാന്തപുരം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാനദണ്ഡപ്രകാരമുള്ള ക്വാറികൾ പ്രവർത്തിക്കുന്നതോടൊപ്പം അനധികൃത മണൽ കടത്ത് തടയുന്നതിനും നടപടി സ്വീകരിക്കണം. മഴക്കെടുതിയിൽ പൂർണ്ണമായും/ഭാഗികമായും വീട് നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകണം. ധാതുസമ്പത്ത് നിയന്ത്രിതമായും നിയമവിധേയമായും മാത്രം ഉപയോഗിക്കുന്നതിന് പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും സമഗ്രമായ ഒരു നിയമത്തിലൂടെ പരിസ്ഥിതി സംരക്ഷിക്കുകയും വേണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ലൈസൻസുള്ള 604 ക്വാറികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.

അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഒരു വർഷം കാലാവധിയുള്ള പെർമിറ്റും അഞ്ച് മുതൽ പന്ത്രണ്ട് വർഷം വരെ കാലാവധിയുള്ള ലീസുമാണ് ക്വാറികൾക്ക് നൽകുന്നത്. പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർക്കുന്ന യാതൊരു നിലപാടും സർക്കാർ സ്വീകരിക്കില്ല. മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പൂർണ്ണമായി നടപ്പാക്കുന്നതാണ്. വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതോടൊപ്പം നോക്കുകൂലിക്കെതിരെ കർശന നിലപാട് സ്വീകരിക്കുന്നതുമാണ്. കയർ ക്ഷേമനിധി ബോർഡിലെ ഡെപ്യൂട്ടേഷന് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കയർത്തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുള്ളതും കൂലി 350 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതും കയർ സൊസൈറ്റികൾക്ക് പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ 41 കോടി രൂപ നൽകിയിട്ടുള്ളതുമാണ്. അവരുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പെൻഷൻ/മാച്ചിംഗ് ഗ്രാന്റ്, വിരമിക്കൽ ആനുകൂല്യം, കുടുംബ പെൻഷൻ തുടങ്ങിയവയ്ക്കുപുറമെ കോവിഡ് ആശ്വാസ ധനസഹായമായി 13 കോടി രൂപ നൽകിയിട്ടുണ്ട്. കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയിലൂടെ

തൊഴിലവസരം നഷ്ടപ്പെടാത്ത ആധുനികവൽക്കരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബാംബൂ വ്യവസായം മെച്ചപ്പെടുത്തുന്നതിനും കൈത്തറി മേഖല പരിപോഷിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കേരള ഓട്ടോ മൊബൈൽ ലിമിറ്റഡിൽ പുനഃക്രമീകരണം ഏർപ്പെടുത്തുന്നതും ഇലക്ട്രോണിക് വാഹനങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തുന്നതുമാണ്. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡുമായി ബന്ധപ്പെട്ട കുടിശ്ശിക നൽകുന്നതിന് 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ലാൻഡ് അലോട്ട്മെന്റ് പോളിസിയിലുൾപ്പെടുത്തി ഹയർ പർച്ചേസ് നിയമപ്രകാരം മുഴുവൻ തുകയും അടയ്ക്കുന്നവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കാത്തതുമായി ബന്ധപ്പെട്ട അവ്യക്തത നീക്കുന്നതാണ്. വ്യവസായ ആവശ്യങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ഭൂമി ഏറ്റെടുക്കുന്നതിനും ലാൻഡ് അലോട്ട്മെന്റുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. എസ്.സി./എസ്.ടി. മേഖലയിലുള്ള വ്യവസായ പാർക്കുകളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതാണ്. 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിൽ ധാതുക്കളുടെ നിർവ്വചനം കൃത്യമായി കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ കരിമണൽ സമ്പത്ത് ഉപയോഗിക്കുമ്പോൾ പാരിസ്ഥിതികമായ എല്ലാ

കാര്യങ്ങളും സംരക്ഷിക്കപ്പെടുന്നുണ്ട്. 45 ഡിഗ്രി ചരിവിൽ കൂടുതലുള്ള പ്രദേശങ്ങളിലും സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ മാപ്പ് പ്രകാരം റെഡ് സോണിലുള്ള പ്രദേശങ്ങളിലും ക്വാറികൾക്ക് അനുമതി നൽകാൻ പാടില്ലെന്നും ഒരു കിലോമീറ്ററിനുള്ളിൽ ഇറിഗേഷൻ നിർമ്മിതിയുണ്ടെങ്കിൽ ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്നുമുള്ള വ്യവസ്ഥകൾ നിലവിലുണ്ട്. നിയമവിരുദ്ധമായി ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് പരിശോധിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലും 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

149, 150, 151, 161, 163, 168, 170, 176, 177, 185, 186, 187, 191, 192, 193, 199, 202, 207, 209, 216, 218, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഒദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

213. In section 4(8) proposed to be amended in the principal Act by Clause 2(3), after the words " The Government may" the symbol " ," shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

219-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

113, 114, 120, 121, 123, 125, 128, 132, 133, 143, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

133. In Clause 1(2) for the figures and letter " $17^{h}$" the figures and letters " $17^{th}$" shall be substituted.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സായി.

## (ii) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

135, 136 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### മൂന്നാം വകുപ്പ്

151, 152, 161, 164 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

169, 171, 172 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

180, 184, 188, 192, 193, 195, 197, 199, 206, 207, 209, 212, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

213. ഖണ്ഡം 5 (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ജെഎ)-ൽ "നഗര പ്രദേശ" എന്നതിനു പകരം "നഗരപ്രദേശ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

512. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി-ൽ

(i) " ബ്യൂറോ" , എന്ന വാക്കിനുപകരം " ബ്യൂറോയ്ക്ക്, പ്രസ്തുത വ്യവസായ സ്ഥാപനത്തിന് ഒരു നോട്ടീസ് നൽകിയതിനുശേഷവും അപ്രകാരമുള്ള വ്യവസായസ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷവും" എന്നീ വാക്കുകൾ ചേർക്കുക.

(ii) " റദ്ദാക്കേണ്ടതും" എന്ന വാക്കിനുപകരം " റദ്ദാക്കാവുന്നതും" എന്ന വാക്ക് ചേർക്കുക.

217, 219, 223, 224, 226, 228, 229, 232, 233, 236, 240, 248, 250, 252, 257, 259, 261, 263, 267, 269, 272, 273, 275, 278, 282, 287, 288, 291, 292, 304, 309, 314, 319, 321, 323, 325, 330, 331, 335, 337, 339, 340, 346, 348, 351, 354, 355, 359, 362, 365, 368, 370, 371,

375, 376, 378, 380, 381, 383, 384, 388, 389, 391, 394, 398, 399, 401, 402, 403, 406, 408, 410, 412, 414, 415, 416, 417, 421, 423, 425, 426, 428, 430, 431, 432, 434, 438, 439, 442, 443, 444, 445, 447, 448, 449, 450, 456, 457, 459, 460, 463, 465, 466, 470, 472, 473, 475, 477, 478, 481, 484, 486, 489, 491, 493, 497, 506 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

247. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (ബി)-ൽ "റെസ്ക്യൂ" എന്നതിന് ശേഷം "സർവ്വീസസ്" എന്ന് ചേർക്കുക.

313. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "ബ്യൂറോയിലെ" എന്നതിനുപകരം "ബ്യൂറോയുടെ" എന്നത് ചേർക്കുക.

324. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (1)-ൽ "വിവിധ സംസ്ഥാന" എന്നതിനുപകരം "സംസ്ഥാനത്തെ വിവിധ" എന്ന് ചേർക്കുക.

392. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4)-ൽ "മുമ്പ്" എന്ന വാക്കിന് പകരം "മുൻപ്" എന്ന വാക്ക് ചേർക്കുക.

427. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "പാലിക്കുവാൻ" എന്നതിനുപകരം "പാലിക്കുന്നതിൽ" എന്നത് ചേർക്കുക.

467. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(2)-ൽ "നിന്നു" എന്നതിനുപകരം "നിന്ന്"എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ അംഗീകരിച്ചു:

229. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "സത്വരമായി" എന്നതിന് പകരം "സമയബന്ധിതമായി" എന്ന് ചേർക്കുക.

345. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2)-ൽ "പരിശോധന" എന്ന വാക്കിന് പകരം " പരിശോധനാ" എന്ന് ചേർക്കുക.

416. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "(5)-ാം" എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "(4)-ാം" എന്ന അക്കവും ചിഹ്നവും ചേർക്കുക.

418. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ഒരുവർഷക്കാലയളവിനുള്ളിൽ" എന്നതിന് പകരം "ഒരു വർഷക്കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

428. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "വീഴ്ചവരുത്തുന്നപക്ഷം" എന്നതിന് പകരം "വീഴ്ച വരുത്തുന്നപക്ഷം" എന്ന് ചേർക്കുക.

482. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3)(ഡി)(ii)-ൽ "പൂർത്തിയാക്കാത്ത" എന്നതിന് പകരം "പൂർണ്ണമല്ലാത്ത" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിച്ചു:

243. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)(എ)-ൽ "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിന് പകരം "നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ" എന്ന് ചേർക്കുക.

250. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (സി)-ൽ "കേരള വ്യവസായ വികസന കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ" എന്നതിനു പകരം "മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ" എന്ന് ചേർക്കുക.

292. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(3)-ൽ "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിനു പകരം "നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പ്

507-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല.)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

110, 113, 116, 118, 120, 122, 133 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സായി.

iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ

രണ്ടാം വകുപ്പ്

187, 188, 189, 191, 194 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

196, 197, 198, 200, 201, 202, 204, 205, 207, 210, 211, 212, 220 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

226, 227, 228, 232, 233, 236, 238, 241, 244, 246, 247, 252, 253 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

255, 258, 260, 264, 271, 273, 276 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

265. ഖണ്ഡം 5(2)-ൽ "അതിന്റെ" എന്നതിനുപകരം "സഭ"എന്ന് ചേർക്കുക.

266. ഖണ്ഡം 5(2)-ൽ "അതിന്റെ മുമ്പാകെ" എന്നതിനുശേഷം വരുന്ന "അത്"എന്നത് ഒഴിവാക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു

255. ഖണ്ഡം 5(1)-ൽ "സർക്കാരിന്" എന്നതിനുപകരം "സർക്കാരിന്," എന്ന് വാക്കും ചിഹ്നവും ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

281, 283, 286 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

295- ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 113, 116, 118, 121, 122, 126, 134, 135, 137, 140, 141, 147, 154, 155, 157, 159, 161, 179, 180 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

## (iv) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കള്ള് ചെത്ത് വ്യവസായത്തെയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുക, ഉത്പാദനക്ഷമതയുള്ള തെങ്ങിനങ്ങൾ വികസിപ്പിക്കുക, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടോഡി പാർലർ ആരംഭിക്കുക, ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നത്. പരമ്പരാഗത വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ ക്ഷേമനിധി ബോർഡിന്റെ

ഭാഗമാക്കാൻ കഴിയാത്ത സാഹചര്യത്തിലും ഈ മേഖലയിൽ ആധുനിക സാദ്ധ്യതകൾ വിനിയോഗിക്കുന്നതിനുമാണ് കള്ള് വ്യവസായ വികസന ബോർഡിന് രൂപം കൊടുക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നതിന് മതിയായ മൂലധനം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. യഥാസമയം ചട്ടങ്ങൾ രൂപീകരിച്ച് സംസ്ഥാനത്തിനും ടി മേഖലയിലെ തൊഴിലാളികൾക്കും ബില്ലിന്റെ പ്രയോജനം ലഭ്യമാക്കണം. വൃക്ഷക്കരം പിരിക്കുന്നതിൽനിന്നും നാളികേര കർഷകരെ ഒഴിവാക്കണം. ബോർഡിന്റെ പ്രവർത്തന മൂലധനത്തിനായി തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിഹിതം കണ്ടെത്തുന്നതിനുപകരം സർക്കാരിൽനിന്നും വിഹിതം കണ്ടെത്താനും ഈ വിഷയവുമായി ബന്ധമുള്ളവരെ ബോർഡിന്റെ ചെയർമാനായി നിയമിക്കാനും എല്ലാ അംഗീകൃത ട്രേഡ് യൂണിയനുകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കള്ള് ചെത്ത് തൊഴിലാളികളുടെ ജീവിതരീതിയും സാമ്പത്തികസ്ഥിതിയും മെച്ചപ്പെടുത്തുകയും ബോർഡിൽ ചെത്ത് തൊഴിലാളികളുടെ

പ്രാതിനിധ്യമുണ്ടാകുകയും വേണം. ശുദ്ധമായ കള്ള് ലഭ്യമാക്കുന്നതിനും കള്ള് ഷാപ്പിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ശുദ്ധമായ കള്ളെടുക്കാൻ സാധിക്കുന്ന ഫാമുകൾ വികസിപ്പിക്കുന്നതിനും തയ്യാറാകണം. കള്ളുഷാപ്പുകൾ ആകർഷകമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കള്ളിൽനിന്നും ലഭിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. ഷാപ്പുകളിൽ ശുദ്ധമായ കള്ള് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ചിറ്റൂർ ഉൾപ്പെടെയുള്ള മേഖലയിൽനിന്നും ലഭിക്കുന്ന കള്ളിന്റെ പരിശുദ്ധി പരിശോധിക്കണം. നീരപോലുള്ള ലഹരിയേതര ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുവാൻ തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകുന്നതിനും കേരകർഷകരുടെ വരുമാനവും തെങ്ങുകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. മായം

കലർന്ന കള്ള് വിപണനം നടത്തുന്ന ഷാപ്പുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും കള്ളിന്റെ ഗുണമേന്മ പരിശോധിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. തെങ്ങ് കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ഈ വ്യവസായത്തെ നിലനിർത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (നെന്മാറ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കള്ള് ചെത്ത് തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടമോ മരണമോ സംഭവിച്ചാൽ അവരുടെ കുടുംബത്തിന് സഹായം നൽകാൻ ഈ ബോർഡ് രൂപീകരണം കൊണ്ട് കഴിയണം. ശുദ്ധമായ കള്ളിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് വ്യാജ കള്ളിന്റെ വിതരണം തടയുന്നതിന് നടപടി സ്വീകരിക്കണം. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ തെങ്ങുകളും പനകളും വച്ചുപിടിപ്പിക്കാൻ തയ്യാറാകണം. ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കരീതിയിൽ കള്ളുഷാപ്പുകൾ ആധുനികവൽക്കരിക്കുകയും കള്ളിനെ ഒരു പാക്കേജ്ഡ് ആൽക്കഹോളിക് പാനീയമാക്കി ലോക

വിപണിയിലെത്തിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ഖാദിവ്യവസായ ബോർഡിന്റെ പാലക്കാടുള്ള പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകൾ ഏറ്റെടുത്ത് പ്രവർത്തനം പുനരാരംഭിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

അധിക പെർമിറ്റ് ഫീ ചുമത്തുന്നതുവഴി വൃക്ഷക്കരത്തിൽനിന്നും ശരാശരി 16.42 കോടി രൂപയാണ് വരുമാനം പ്രതീക്ഷിക്കുന്നത്. കാലാകാലങ്ങളിൽ, സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേൽ ബോർഡിന് ധനസഹായങ്ങളും ഗ്രാന്റുകളും നൽകാവുന്നതാണ്. കള്ള് മേഖലയിൽ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. കള്ള് ലഭിക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക, ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക, കള്ളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുക, വിനോദസഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള കള്ള് ഷാപ്പുകൾ ആരംഭിക്കുക എന്നീ നിർദ്ദേശങ്ങളും പരിഗണിക്കുന്നുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

162, 163, 165, 166, 167, 169, 174, 176, 177, 179, 182, 183, 186, 188, 194, 196 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

158. ഖണ്ഡം 2-ൽ "-(1)" എന്നത് നീക്കം ചെയ്യുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

198, 203, 204, 205, 206, 210, 213, 214, 215, 221, 224, 227, 228, 234, 235, 236, 238, 239, 241, 243, 246, 247, 255, 257, 259 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

204. ഖണ്ഡം 3(2)-ൽ "ബോർഡ് " എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

235. ഖണ്ഡം3(4)(എച്ച്)-ൽ "യൂണിയനുകളിലെ" എന്നതിനുപകരം "യൂണിയനുകളുടെ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

260, 262, 265, 266, 269, 270 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

272, 275, 278, 281, 282, 283, 284 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

286, 287, 293, 294, 296, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

285. ഖണ്ഡം 6-ൽ "തുടരുന്നതിനും" എന്ന വാക്കിനു മുമ്പായി "അംഗമായി" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

287. ഖണ്ഡം 6(ഡി)-ൽ, "ബോർഡോ" എന്നതിനുശേഷം "," ചിഹ്നം ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗികരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

297, 299, 300, 306, 307, 310, 313, 316, 317, 318, 319 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

300. ഖണ്ഡം 7(1)-ൽ "അംഗത്തിനെയോ" എന്ന വാക്കിന് പകരം "അംഗത്തെയോ" എന്ന് ചേർക്കുക.

318. ഖണ്ഡം 7(2)-ൽ, "സമയത്ത്" എന്നതിനുപകരം "കാലയളവിൽ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ്

321, 324, 328, 329, 331 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

324. ഖണ്ഡം 8-ൽ "സർക്കാരിന്" എന്നതിന് പകരം "സർക്കാരിനെ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗികരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

334, 335, 336, 337, 341, 342 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

334. ഖണ്ഡം 9(1)-ൽ "വകുപ്പു" എന്ന് വരുന്നിടത്തെല്ലാം "വകുപ്പ്" എന്ന് ചേർക്കുക.

341. ഖണ്ഡം 9(2)-ൽ "ഏതു" എന്നതിനുപകരം "ഏത്" എന്ന് ചേർക്കുക."

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

345, 346 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

348, 351, 352, 355, 356, 357 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

361, 367, 368, 371, 372, 374 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

378, 380, 381, 382, 384 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 380-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടുകൂടി സ്വീകരിച്ചു.

380. ഖണ്ഡം 13(1)-ൽ "ഡെപ്യൂട്ടേഷൻ" എന്നതിന് പകരം "അന്യത്ര സേവന വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

390, 395, 396, 400 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

405, 409, 410 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

413, 415, 416, 417, 418, 422, 424, 425, 429, 430, 431, 434, 437, 439, 440, 442, 444, 447, 448, 457, 458, 460, 468 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

439. ഖണ്ഡം 16 (2) (ഇ)-ൽ "വച്ച്" എന്നതിന് പകരം "നട്ട്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

471, 472, 474, 475, 476, 477, 479, 480 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

481, 483, 484, 486, 488, 490, 491, 492, 493, 495 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്തൊൻപതാം വകുപ്പ്

498, 499, 502, 503 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

613. ഖണ്ഡം 20(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

" (4) 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ ചട്ടങ്ങൾക്ക് കീഴിൽ കള്ള്ഷാപ്പ് ലൈസൻസികളിൽ നിന്നും അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും തൊഴിലാളി കമ്മിറ്റികൾ നടത്തുന്ന കള്ള്ഷാപ്പുകളുടെ സംഗതിയിൽ അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും, സംസ്ഥാന നിയമസഭ നിയമംമൂലം നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

(5) 1959-ലെ വൃക്ഷക്കര ചട്ടങ്ങൾക്ക് കീഴിൽ അധിക പെർമിറ്റ് ഫീസായി ചുമത്തുന്ന ഒരു രൂപ സംസ്ഥാന നിയമസഭ നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനുശേഷം നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്."

505, 507, 508, 509, 510, 511 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

515, 516, 518 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

520, 523, 525, 527, 528 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

530, 532, 534, 535, 536, 537, 538, 539, 540, 541, 543 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

544, 545, 549 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

550, 551, 552, 553, 556 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

557, 560, 562, 563, 564 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

565-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

567, 568, 570, 572 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊൻപതാം വകുപ്പ്</u>

573, 574, 575, 576 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പതാം വകുപ്പ്</u>

579-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊന്ന്, മുപ്പത്തിരണ്ട് വകുപ്പുകൾ</u>

(ഭേദഗതിയില്ല)

മുപ്പത്തിയൊന്ന്, മുപ്പത്തിരണ്ട് വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്ന്, മുപ്പത്തിരണ്ട് വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

583, 587, 590 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിനാലാം വകുപ്പ്</u>

591, 592, 593, 594, 595, 596, 598, 599, 603, 605, 606, 607 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

608, 611, 612 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

(ഭേദഗതിയില്ല)

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

110, 112, 114, 116, 121, 124, 127, 129, 130, 131, 134, 137, 139, 141, 143, 144, 145, 146, 149, 150, 152, 154, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(സഭ വൈകുന്നേരം 6.18-ന് പിരിഞ്ഞു.)

****